**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3002** **18-03-2022 - ൽ മറുപടിയ്ക്ക്**

**കുഴൽ കിണർ നിർമ്മാണത്തിനുള്ള പൈപ്പുകളുടെ വില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുഴൽ കിണറുകളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന പൈപ്പുകളുടെ വില മാർക്കറ്റ് വിലയേക്കാൾ വളരെ താഴ്ത്തി നിശ്ചയിച്ചിട്ടുള്ളത് മൂലം കരാറുകാർ ടെൻഡറിൽ പങ്കെടുക്കുന്നതിൽ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കുഴൽകിണറുകളുടെ നിർമ്മാണ പ്രവൃത്തിക്ക് ഉപയോഗിക്കുന്ന പൈപ്പുകളുടെ വില പുതുക്കി നിശ്ചയിച്ചത് സർക്കാർ പൊതു പ്രവർത്തി കൾക്ക് DSR 2018 ലെ നിരക്കുകൾ പ്രാബല്യത്തിലാക്കിയതിനുശേഷമാണ്. DSR 2018 – ലെ പൈപ്പുകളുടെ നിരക്കുകൾ മാർക്കറ്റ് റേറ്റിനെക്കാൾ കുറവായ സാഹചര്യത്തിൽ കരാറുകാർ ടെണ്ടറിൽ പങ്കെടുക്കുന്നതിൽ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിരക്കുകൾ മാർക്കറ്റ് റേറ്റിനനുസരിച്ച് പുതുക്കി അംഗീകാരത്തിനായി ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഈ പ്രശ്നം പരിഹരിക്കാനാകുന്നതാണ്. |
| (ബി) | വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമാകുന്ന ഘട്ടത്തിൽ കുഴൽ കിണറുകളുടെ നിർമ്മാണത്തിനും മെയിന്റനൻസിനും തടസ്സം നേരിടുന്നതിനാൽ പൈപ്പുകളുടെ വില മാർക്കറ്റ് വിലയ്ക്ക് അനുസൃതമായി പുനർനിർണ്ണയിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ? | (ബി) | വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമാകുന്ന ഘട്ടത്തിൽ കുഴൽ കിണറുകളുടെ നിർമ്മാണത്തിനും മെയിന്റനൻസിനും തടസ്സം നേരിടാതിരിക്കുവാൻ കുഴൽകിണർ നിർമ്മാണത്തിനാവശ്യമായ പൈപ്പുകളുടെ നിരക്ക് മാർക്കറ്റ് റേറ്റിനനുസരിച്ച് പുതുക്കി നിശ്ചയിച്ച് അംഗീകാരത്തിനായി ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഭൂജല വകുപ്പിന്റെ എല്ലാ ജില്ലാ ഓഫീസുകളുടെയും ആവശ്യകത ശേഖരിച്ച് centralized procurement ന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ